**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4023** **09-08-2021 - ൽ മറുപടിയ്ക്ക്**

**ട്രോമ കെയർ യൂണിറ്റിന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ മെഡിക്കൽ കോളേജിലെ പുതിയ ട്രോമ കെയർ യൂണിറ്റിന്റെ നിർമ്മാണപ്രവൃത്തിയ്ക്കായി ആകെ അനുവദിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ; ആയതിന്റെ നിർമ്മാണം ആരംഭിച്ചത് എന്നാണെന്ന് അറിയിക്കുമോ; പ്രവൃത്തിയുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ; | (എ) | ആലപ്പുഴ മെഡിക്കൽ കോളേജിലെ പുതിയ ട്രോമ കെയർ യൂണിറ്റിന്റെ നിർമ്മാണപ്രവൃത്തിയ്ക്കായി 1500 ലക്ഷം രൂപയാണ് അനുവദിച്ചത്. പ്രവൃത്തി 05.07.2019-ൽ ആരംഭിച്ചു. ഒന്നാം നിലയുടെ റൂഫിംഗ് ജോലികൾ പുരോഗമിക്കുന്നു. |
| (ബി) | പുതിയ ട്രോമ കെയർ യൂണിറ്റിൽ നിന്നും ആശുപത്രിയുടെ മെയിൻ ബ്ലോക്ക്, സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് എന്നിവയെ തമ്മിൽ ബന്ധിപ്പിക്കാനുള്ള ബ്രിഡ്ജ്/ ഇടനാഴി സംവിധാനം രൂപരേഖയിൽ ഉൾപ്പെടുത്തിയിരുന്നോ; | (ബി) | ഇല്ല |
| (സി) | ഇല്ലെങ്കിൽ ഭരണാനുമതി നൽകിയ തുകയിലെ സേവിംഗ്സ് ഉപയോഗപ്പെടുത്തി പ്രസ്തുത സംവിധാനം നിർമ്മിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (സി) | കെട്ടിട നിർമ്മാണം പൂർത്തീകരിച്ചാൽ മാത്രമേ സേവിംഗ്സ് ലഭ്യമാണോ എന്ന് അറിയുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ